പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 46 **22-06-2026-ൽ മറുപടിയ്ക്ക്**

മുൻ സർക്കാർ പരസ്യ ഇനത്തിൽ ചിലവഴിച്ച തുക

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. വി. ഇബ്രാഹിം

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) മുൻ സർക്കാറിന്റെ കാലത്ത് വിവിധ പ്രചരണങ്ങൾക്കും പരസ്യങ്ങൾക്കും വേണ്ടി പി. ആർ. ഡി. മുഖേനെയും കിഫ്ബി മുഖേനെയും ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

മറുപടി: കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കിഫ്ബി ധന ലഭ്യത ഉറപ്പാക്കുന്ന പദ്ധതികളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും കിഫ്ബിയുടെ ധന സമാഹരണത്തിനു വേണ്ടി ഉപയോഗിക്കുന്ന പ്രവാസി ചിട്ടി, പ്രവാസി ഡിവിഡൻഡ് ഫണ്ട് എന്നിവയുടെ പ്രചാരണത്തിനുമായി സംസ്ഥാനത്തും വിദേശത്തും നൽകിയിട്ടുള്ള പത്ര പരസ്യങ്ങൾ, റേഡിയോ, ടിവി, റെയിൽവേ പരസ്യങ്ങൾ, ഹോർഡിങ്സ്, സാമൂഹ്യ മാധ്യമങ്ങൾ എന്നിവയിലൂടെ **228 കോടി 56 ലക്ഷം രൂപയുടെ പരസ്യങ്ങൾ കിഫ്ബി നൽകിയിട്ടുണ്ട്.**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന 239,20,31,268/- (ഇരുന്നൂറ്റി മുപ്പത്തിയൊമ്പതു കോടി ഇരുപതു ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി ഇരുന്നൂറ്റിയറുപത്തിയെട്ടു രൂപ)ചെലവഴിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് പ്രചരണങ്ങൾക്കും പരസ്യങ്ങൾക്കും വേണ്ടി വിവിധ മാർഗ്ഗങ്ങളിലൂടെ ആകെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ഇനം	ചെലവാക്കിയ തുക (രൂപയിൽ)
പ്രദർശനവും പരസ്യവും	1,06,74,20,174/-
അച്ചടിമാധ്യമം-ടെണ്ടർ/നോൺ-ടെണ്ടർ പരസ്യം	54,81,68,801/-
ഇലക്ട്രോണിക് മീഡിയ	41,78,06,967/-
ഔട്ട്ഡോർ പബ്ലിസിറ്റി	9,97,44,655/-
സ്പെഷ്യൽ പി ആർ കാമ്പെയിൻ	9,09,387/-
ഫീൽഡ് പബ്ലിസിറ്റി	37,61,980/-
വീഡീയോ ഡോക്യുമെന്ററികളുടെ നിർമ്മാണം	11,12,63,972/-

ഇൻഫർമേഷൻ എഡ്യൂക്കേഷൻ & കമ്മ്യൂണിക്കേഷൻ വിംഗ്	19,79,000/-
നാം മുന്നോട്ട്	134,387,171/-
സർക്കാർ വെബ്സൈറ്റിന്റെ ശ്രീകരണവും തപാൽ സെർവറിന്റെ മെയിന്റനൻസും	14,10,322/-
കേരളീയം 2023	51,78,839/-
ആകെ	**239,20,31,268/-**

(ബി) പരസ്യങ്ങൾ നൽകിയ വകയിൽ വിവിധ സ്ഥാപനങ്ങൾക്ക് നൽകാനുള്ള തുക കുടിശ്ശിക ഉണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ?

മറുപടി: ഉണ്ട്.

കിഫ്ബി മുഖേന മുൻ സർക്കാരിന്റെ കാലത്ത് പരസ്യങ്ങൾ നൽകിയ ഇനത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് കുടിശ്ശികയിനത്തിൽ തുകയൊന്നും നൽകാനില്ല.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന പരസ്യങ്ങൾ നൽകിയ ഇനത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് 109,81,01,940/- (നൂറ്റിയൊമ്പത കോടി എൺപത്തിയൊന്ന ലക്ഷത്തി ഒരായിരത്തി തൊള്ളായിരത്തി നാല്പത് രൂപ)കുടിശ്ശിക ഇനത്തിൽ നൽകുവാനുണ്ട്.

സെക്ഷൻ ഓഫീസർ